6/7/18 [illegible]

029328

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
## തിരുവനന്തപുരം നഗരസഭ
## 'അക്ഷരശ്രീ' സാക്ഷരത – തുടർവിദ്യാഭ്യാസപദ്ധതി

6/7/18

നം. പി3-3875/18/കേ.സം.സാ.മി.അ.

തീയതി: 05.07.2018

കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം തിരുവനന്തപുരം
6 JUL 2018

സ്വീകരിക്കുന്നത്

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസവകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം : കേ.സം.സാ.മി.അ – 'അക്ഷരശ്രീ' സാക്ഷരത-തുടർവിദ്യാഭ്യാസപദ്ധതി – സർവേ – പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 2018 ജൂൺ 8ന് നടന്ന വിദ്യാഭ്യാസസ്ഥാപനമേധാവികളുടെയും എൻ എസ് എസ് ഓഫീസർമാരുടെയും യോഗം.

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും തിരുവനന്തപുരം നഗരസഭയും സംയുക്തമായി നടപ്പിലാക്കുന്ന 'അക്ഷരശ്രീ' സാക്ഷരത-തുടർവിദ്യാഭ്യാസ സർവേയിൽ പൊതു വിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് സൂചന പ്രകാരം പൊതു വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന്, സർവേയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ നയിക്കുന്നതിന് അതത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയ അധ്യാപിക/അധ്യാപകരുടെ യോഗം സാക്ഷരതാമിഷൻ വിളിച്ചു ചേർത്തിരുന്നു. വിദ്യാർത്ഥികളെ സർവേയിൽ പങ്കെടുപ്പിക്കുന്ന കാര്യത്തിൽ അനുകൂലമായ സമീപനമാണ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുണ്ടായത്. എന്നാൽ, വിപുലമായ ഈ സർവേയുമായി ബന്ധപ്പെട്ട് ഭക്ഷണമടക്കമുള്ള അനുബന്ധ ക്രമീകരണങ്ങൾ നടപ്പാക്കുന്നതിന് സർവേയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം ലഭിക്കേണ്ടതുണ്ട്. ആയതിനാൽ, 2018 ജൂലൈ 14ന് നടക്കുന്ന സർവേയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം 2018 ജൂലൈ 10 നുമുമ്പായി ഡയറക്ടർ ഓഫ് കോളേജ് എഡ്യൂക്കേഷൻ മുഖേന സാക്ഷരതാമിഷന് ലഭ്യമാകുന്നതിന് അതത് വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് താൽപ്പര്യപ്പെടുന്നു.

അഡ്വ. വി കെ പ്രശാന്ത്
മേയർ
തിരുവനന്തപുരം നഗരസഭ

ഡോ പി എസ് ശ്രീകല
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

മേലെഴുത്ത് നം.ജി4/23899/2018/കോ.വി.വ തീയതി. 09/07/2018

മേലെഴുത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഇന്ന് (09/07/2018) വൈകുന്നേരം 5 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു. വികാസ് ഭവൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്.

Email ID – dcedirectorate@gmail.com

(ഒപ്പ്)
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471 – 2305547
srao.colledn.kerala.gov.in

പകർപ്പ് - 1. തിരുവനന്തപുരം നഗരസഭാ പരിധിയിൽ വരുന്ന എല്ലാ ആർട്സ് & സയൻസ് കോളേജുകൾക്കും.

2. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെ. ഡയറക്ടറേറ്റിലേക്ക് (തിരുവനന്തപുരം നഗരസഭാ പരിധിയിൽ വരുന്ന പ്രൈവറ്റ്/എയ്ഡഡ് കോളേജുകളെ അറിയിക്കുന്നതിലേക്ക്.)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.09/07/2018

067673 GOVERNMENT OF KERALA